LIBRARY ARCHIVES Kerala Legislative Assembly

ഫാ. കെ. പി. ചെറിയാൻ സമർപ്പിച്ച അവധി അപേക്ഷ

212(2568) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഞ്ചേരി സബ് ജില്ലയിൽ എം. എം. യു. പി. എസ്. കിങ്ങിണിമറ്റം സ്കൂളിൽ എൽ.പി.എസ്.എ. ആയി ജോലി നോക്കിയിരുന്ന ഫാ. കെ. പി. ചെറിയാൻ സമർപ്പിച്ച അവധി അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പിൽ പരിഗണനയിലാണോ;

(ബി) പ്രസ്തുത അപേക്ഷ എന്നാണ് സമർപ്പിച്ചതെന്നും ഈ ഫയലിൽ യഥാസമയം റിപ്പോർട്ട് ലഭ്യമാക്കി നടപടി സ്വീകരിക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) അദ്ദേഹം പെൻഷൻ ലഭിക്കുന്നതിനുവേണ്ടി അവധി ക്രമപ്പെടുത്തുന്നതിന് നൽകിയ അപേക്ഷയിൽ നിലവിൽ നിയമപരമായി തടസങ്ങൾ ഉണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

&

(ഡി) അല്ലെങ്കിൽ അദ്ദേഹത്തിന്റെ അപേക്ഷ തീർപ്പാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

കോലഞ്ചേരി സബ് ജില്ലയിൽ എം.എം.യു.പി.എസ്. കിങ്ങിണിമറ്റം സ്കൂളിൽ എൽ.പി.എസ്.എ. ആയി ജോലി നോക്കിയിരുന്ന ഫാ: കെ. പി. ചെറിയാൻ 31-3-2015 മുതൽ 16-6-2015 വരെ അനധികൃതമായി ജോലിയിൽ ഹാജരാകാത്ത കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിർദ്ദിഷ്ട ഫോറത്തിൽ അല്ലാത്ത അപേക്ഷ 28-12-2019-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിരുന്നു. തുടർന്ന് 3-3-2020-ന് പ്രസ്തുത അപേക്ഷ സംബന്ധിച്ച വിശദീകരണം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടു. ആയതിന്മേലുള്ള വിശദീകരണം സഹിതമുള്ള നിർദ്ദിഷ്ട ഫോറത്തിൽ അല്ലാതെയുള്ള അപേക്ഷ ഉപവിദ്യാഭ്യാസ ഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വീണ്ടും ലഭ്യമാക്കി. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13-11-2020-ലെ എഫ്5/13007/2019/ഡിജിഇ നമ്പർ കത്ത് പ്രകാരം വ്യക്തമായ റിപ്പോർട്ടില്ലാതെ സർക്കാരിൽ ലഭ്യമാക്കി. എന്നാൽ ടി വിഷയം അനധികൃതമായി ജോലിയിൽ ഹാജരാകാത്ത കാലയളവ് ക്രമീകരിക്കുന്ന വിഷയമായതിനാലും, നിർദ്ദിഷ്ട ഫോറത്തിൽ അല്ലാത്ത അപേക്ഷയായതിനാലും പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിക്കേണ്ട വിഷയമായതിനാലും വിശദമായ

റിപ്പോർട്ട് സഹിതം സമർപ്പിക്കുന്നതിലേയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപേക്ഷയും അനുബന്ധ രേഖകളും സർക്കാരിന്റെ 2-1-2021-ലെ എ 1/423/2020/പൊവിവ. കത്ത് പ്രകാരം, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് തിരിച്ച് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അവധി അനുവദിക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള അപേക്ഷയും മറ്റുവിശദാംശങ്ങളും അടങ്ങുന്ന പൂർണ്ണമായ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിച്ചാൽ മാത്രമേ കൂടുതൽ പരിശോധനകൾ നടത്താൻ സാധ്യമാകുകയുള്ളൂ.

സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അപേക്ഷ

213(2569) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എഫ്.എം.സി.റ്റി. എച്ച്.എസ്.എസ്. കുമാളൂർ സ്കൂളിലെ എച്ച്.എസ്.എസ്.(ജൂനിയർ) മലയാളം അദ്ധ്യാപികയായ ശ്രീമതി ഷെൽമ ജോസ് ആറ്റുപുറം (പെർമനന്റ് എംപ്ലോയി നമ്പർ: 735913) സ്പെഷ്യൽ ഡിസബിലിറ്റി ലീവിന് നൽകിയ അപേക്ഷ നാളിതുവരെ പരിഗണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലീവ് അപേക്ഷയിൽ തീരുമാനമെടുക്കാത്തതുമൂലം അദ്ധ്യാപികയ്ക്ക് പ്രൊബേഷൻ, ശമ്പള പരിഷ്കരണം, ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(സി) 2019 ഒക്ടോബർ പത്തൊൻപതിന് പട്ടാമ്പിയിൽ വച്ച് നടന്ന ടീച്ചേഴ്സ് ട്രെയിനിംഗ് സമയത്ത് ഉണ്ടായ ആക്സിഡന്റുമൂലം രണ്ട് മാസത്തെ ലീവ് ആവശ്യപ്പെട്ട് നൽകിയ അപേക്ഷകയുടെ ഫയലിന്മേൽ (ഫയൽ നമ്പർ RDD/A2 / 14437/RDD HSE / 2019, ഫയൽ നമ്പർ ACD/ A1/17130/2020) അടിയന്തരമായി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

ശ്രീമതി ഷെൽമ ജോസിന്റെ സ്പെഷ്യൽ ഡിസബിലിറ്റി ലീവിന് നൽകിയ അപേക്ഷ ഇ 2/72/2021/പൊ.വി.വ ഫയലിൽ പരിശോധിച്ചിട്ടുണ്ട്. ടിയാളിന് ഡിസബിലിറ്റി ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധിച്ച് ഫയലിൽ തുടർനടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly